I ഇ.ബി. XIII- കേരള നിയമസഭ/IX-2

# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 11, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**പകർച്ചവ്യാധികൾ**

മി. സ്പീക്കർ: ഡെങ്കി, എലിപ്പനി, കോളറ, ചിക്കുൻഗുനിയ തുടങ്ങിയ പകർച്ചവ്യാധികൾ സംസ്ഥാനത്തെങ്ങും പടർന്നുകൊണ്ടിരിക്കുകയും നിരവധിപേർ ഇതിനകം സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പ്രവേശിപ്പിക്കപ്പെടുകയും 150–ൽ പരംപേർ ചികിത്സ ലഭിക്കാതെ മരണപ്പെടുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്താകെ ജനങ്ങൾ ആശങ്കാകുലരായിരിക്കുന്നുവെന്ന് പറയപ്പെടുന്ന സ്ഥിതി വിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എളമരം കരീം,

വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സംസ്ഥാനത്ത് 2003 മുതൽ ഓരോ കാലാവസ്ഥാ മാറ്റത്തിനനുസരിച്ചുള്ള പകർച്ചപ്പനികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ജനുവരി മാസത്തിൽത്തന്നെ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഫെബ്രുവരി മാസം 27-ാം തീയതി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിവിധ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചതോടൊപ്പം 928 പഞ്ചായത്തുകളിലും 36 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട യോഗവും 14234 വാർഡുകളിൽ ശുചിത്വ സമിതി യോഗങ്ങളും ചേരുകയുണ്ടായി. കേരളത്തിലെ 13986 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. പി.എച്ച്.സി.കളിലെ ഡോക്ടർമാർ കൺവീനർമാരായിട്ടുള്ള സമിതികളാണ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. ആരോഗ്യ വകുപ്പ് ഇതിനാവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നുണ്ട്. മെയ് മാസം ആദ്യവാരം ഓരോ വാർഡിലും 25000 രൂപ വീതം ശുചീകരണ പ്രവർത്തന ങ്ങൾക്ക് നൽകുന്നതിന് തീരുമാനിക്കുകയും 10000 രൂപ എല്ലാ തദ്ദേശ ഭരണ

സ്ഥാപനങ്ങളുടെ വാർഡുകളിലും നൽകുകയും ചെയ്തിട്ടുണ്ട്. ശുചിത്വ മിഷന്റെ തുക ഉടൻതന്നെ നൽകുന്നതാണ്. പഞ്ചായത്തുകളുടെ ഫണ്ടിൽനിന്ന് 5000 രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ശുചീകരണത്തിന്റെ ഭാഗമായി ഫോഗിംഗ്, ഇൻഡോർ സ്പേസ് സ്പ്രേ എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഫോഗിംഗും മറ്റു പ്രതിരോധ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നുണ്ട്. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മേയ് മാസം 12, 19, 26 തീയതികളിലും തിരുവനന്തപുരം ജില്ലയിൽ അധീഷണലായി ഒരു ദിവസംകൂടിയും ഡ്രൈ ഡേ ആചരിക്കുകയുണ്ടായി. വാർഡ് മെമ്പർമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ., ആശാ വർക്കർമാർ എന്നിവർ വീടുകൾ തോറും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വയനാട്, ആലപ്പുഴ ജില്ലകളിലെ കോളറയും തിരുവനന്തപുരം ജില്ലയിലെ എലിപ്പനിയും നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. എച്ച്1 എൻ1–നെതിരെ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. എലിപ്പനി തടയുന്നതിനുള്ള ഗുളിക വിതരണം ചെയ്തു കൊണ്ടിരിക്കുകയാണ്. ഗർഭിണികൾക്ക് ടാമിഫ്ളൂ ഗുളികകൾ കേരള മെമ്പാടും കൊടുക്കുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ രോഗങ്ങൾ പരത്തുന്നുവെന്ന് കണ്ട് ആരോഗ്യം, പഞ്ചായത്ത്, റവന്യു, തൊഴിൽ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അവരുടെ ക്യാമ്പുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സമഗ്രരോഗ പ്രതിരോധ നിയന്ത്രണ പരിപാടി ഏറ്റവും ഇഫക്ടീവായി ഏറ്റെടുക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ആശുപത്രികളിൽ ഡോക്ടർമാരില്ലെന്ന പരാതി ഒരു സ്ഥലത്തുമില്ല. 869 അസിസ്റ്റന്റ് സർജൻമാരെ പി.എസ്.സി. മുഖേനയും 975 ഡോക്ടർമാരെ എൻ.ആർ.എച്ച്.എം. വഴിയും നിയമിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള 1961-ലെ സ്റ്റാഫ് പാറ്റേൺ ഘട്ടംഘട്ടമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്റ്റാഫ് സ്ട്രെങ്ത് അനുസരിച്ചുള്ള ഡോക്ടർമാർ എല്ലാ ആശുപത്രികളിലുമുണ്ട്.

ശ്രീ. എളമരം കരീം: ഡെങ്കി, എലിപ്പനി, ചിക്കുൻ ഗുനിയ തുടങ്ങിയ പകർച്ചവ്യാധികൾ കാരണം ലക്ഷക്കണക്കിനാളുകൾ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെടുകയും 150-ഓളംപേർ മതിയായ ചികിത്സ ലഭിക്കാതെ മരണപ്പെടുകയും ചെയ്ത അത്യന്തം ഗുരുതരമായ സ്ഥിതി വിശേഷമാണ് ഇന്ന് സംസ്ഥാനം നേരിടുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഡോക്ടർമാരുടേയും നഴ്സുമാരുടേയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടേയും നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഉള്ള തസ്തികകളിൽ എത്രപേർ ജോലിക്ക് ഹാജരാകുന്നുണ്ടെന്നത് സംബന്ധിച്ച് പരിശോധിക്കണം. ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. കെ.എസ്.ഡി.പി.യിൽ പനിക്കാവശ്യമായ മരുന്നുകൾ സൂക്ഷിക്കാനും പ്രതിരോധ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. വിവിധ ജില്ലകളിൽ മഴക്കാലത്തിനു മുമ്പേ മാലിന്യങ്ങൾ വേണ്ട വിധത്തിൽ നീക്കം ചെയ്യാത്തത് പകർച്ചപ്പനിക്കും അതിനെത്തുടർന്നുള്ള മരണങ്ങൾക്കും കാരണമായിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റി മെഡിസിൻ, ഇൻഫെക്ഷ്യസ്

ഡിസീസസ് എന്നിവ ഉൾപ്പെടെ വിവിധ ഡിപ്പാർട്ടുമെന്റുകളേയും ആരോഗ്യ മേഖലയിൽ സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് പകർച്ചപ്പനി തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും പ്രസ്തുത സ്ഥാപനം ആലപ്പുഴയിലെ നാഷണൽ വൈറോളജി ഇൻസ്റ്റി റ്റ്യൂട്ടുമായി ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാനും നടപടി സ്വീകരിക്കണം. ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ വിദഗ്ദ്ധ കേന്ദ്രം സ്ഥാപിക്കണ മെന്ന നിർദ്ദേശം നടപ്പാക്കിയിട്ടില്ല. സ്വകാര്യ ആശുപ്രതികളും മരുന്നുകമ്പ നികളും വിവിധ ലാബുകളും ജനങ്ങളിൽ നിന്നും അധിക തുക ഈടാക്കുന്നത് തടയുന്നതിനും ലാബ് സൗകര്യം താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. രക്തത്തിന്റെ വില നിശ്ചയിക്കാനുള്ള അനുമതി ആശുപത്രി മാനേജുമെന്റ് കമ്മിറ്റികൾക്ക് നൽകിയത് പുന:പരിശോധിക്കണം. സംസ്ഥാനത്ത് ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് ലഭിച്ച മഞ്ഞപ്പനി തടയാൻ നടപടി സ്വീകരിക്കണം. ഡോക്ടർമാരുടെ നിസ്സഹകരണ സമരം തക്കസമയത്ത് തീർപ്പാക്കി ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി ആശുപത്രി കളെ സജ്ജമാക്കുന്നതിലും വിവിധ ചികിത്സാ സംവിധാനങ്ങൾ ഏകോപിപ്പി ക്കുന്നതിലും അട്ടപ്പാടിയിലെ ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്ന തിലും സർക്കാർ പരാജയപ്പെട്ടു. മരുന്നുകൾക്ക് ബഹുരാഷ്ട്ര കമ്പനികൾ അമിത വിലയാണ് ഈടാക്കുന്നത്. സൗജന്യ മരുന്ന് വിതരണം ഫലപ്രദമായി

നടപ്പിലാക്കുന്നില്ല. ഹോമിയോ, ആയുർവേദ, സിദ്ധ എന്നീ മേഖലകൾ സംയുക്തമായി പനി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്താനും സ്വകാര്യ ആശുപത്രികളെക്കൂടി ഏകോപിപ്പിച്ചുകൊണ്ട് സൗജന്യ ചികിത്സ നൽകാനും നടപടി സ്വീകരിക്കണം. മാലിന്യ നിർമ്മാർജ്ജനം ജനകീയ പ്രസ്ഥാനമായി കണക്കാക്കി എല്ലാ രാഷ്ട്രീയ പാർട്ടികളേയും സാമൂഹ്യ സംഘടനകളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തുകയും വേണം. അതീവ ഗൗരവമായ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ആരോഗ്യ വകുപ്പിന്റെ 1961ലെ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 850-ഓളം ഡോക്ടർമാരെയും 975 എൻ.ആർ.എച്ച്.എം. ഡോക്ടർമാരെയും കാസർഗോഡ് ജില്ലയിൽ എൻ.ആർ.എച്ച്.എം. വഴി 44 അസിസ്റ്റന്റ് സർജൻമാരെയും നിയമിച്ചിട്ടുണ്ട്. 320 ഡോക്ടർമാരുടെയും 916 സ്റ്റാഫ് നേഴ്സിന്റെയും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു നിയമനം നടത്തിയിട്ടുണ്ട്. നിയമനം നടക്കാത്ത സ്ഥലങ്ങളിൽ ബോണ്ട് വ്യവസ്ഥയിലും നിയമനം നടത്തിയിട്ടുണ്ട്. 1902 സ്റ്റാഫുകളുടെ കാലാവധി നാല് മാസത്തേയ്ക്കുകൂടി നീട്ടിക്കൊടുത്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ 269 ജീവനക്കാരെയും തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലെ പി.എച്ച്. ലാബുകളിൽ 90 ജീവനക്കാരെയും അധികമായി നിയമിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടുന്നതിനായി മെഡിക്കൽ കോളേജുകളിൽ 1 കോടി രൂപയും എല്ലാ ജില്ലകളിലും 7 ലക്ഷം രൂപ വീതവും അനുവദിക്കുന്നതിനും ആശുപത്രി

കളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ 994118 പേർക്ക് പനി ബാധിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും 3 മാസത്തേയ്ക്കുള്ള മരുന്ന് എസ്സൻഷ്യൽ ഡ്രഗ്ഗ് ലിസ്റ്റ് പ്രകാരം സ്റ്റോക്കുണ്ട്. എല്ലാ ആശുപത്രികളിലും പനി വാർഡുകളും ഈവനിംഗ് ഒ.പി.യും ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും സൗജന്യ ലാബ് സൗകര്യം 24 മണിക്കൂറും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ ദിവസത്തെ പ്രവർത്തനവും മോണിട്ടർ ചെയ്യുന്നതിന് താലൂക്ക്–ജില്ലാ–സംസ്ഥാന തലങ്ങളിൽ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും സെൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ നിയോജകമണ്ഡലത്തിലും എം.എൽ.എ. മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് എന്തെങ്കിലും പരാതിയോ പോരായ്മയോ ഉണ്ടെന്ന് അറിയിച്ചാൽ അത് പരിഹരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിൽ പകർച്ചപ്പനി പൊട്ടിപ്പുറപ്പെടുന്നതിമുമ്പുതന്നെ ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെയെല്ലാം വിളിച്ച് കരുതൽ നടപടികളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും പി.എച്ച്.സി.–കൾ വരെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും മരുന്നും ജീവനക്കാരുടെ സാങ്ഷൻഡ് സ്ട്രെങ്ത് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചു. അധികമായി ജീവനക്കാരെ ആവശ്യമുള്ളിടത്ത് കരാർ അടിസ്ഥാനത്തിൽ മൂന്നുമാസത്തേയ്ക്ക് നിയമിക്കുന്നതിനും തീരുമാനിച്ചു. മെഡിക്കൽ കോളേജുകളിൽ സാങ്ഷൻഡ് സ്ട്രെങ്തിനു പുറമേ ആവശ്യാനുസരണം ഡോക്ടർമാരെയും നഴ്സുമാരെയും ലാബ് അസിസ്റ്റൻസി

നെയും നിയമിക്കാൻ അനുമതി കൊടുത്തു.. എല്ലാ ജില്ലകളിലും ഡി.എച്ച്.എസ്-ന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ദിവസേനയുള്ള ഒ.പി. യുടെയും ഐ.പി. യിലേയ്ക്ക് വരുന്ന രോഗികളുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്റ്റാഫിനെ ആവശ്യമുണ്ടെങ്കിൽ അനുവദിക്കുന്നതാണ്. എൻ.ആർ.എച്ച്.എം. വഴിയും ശുചിത്വമിഷൻ വഴിയുമുള്ള ധനസഹായം കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് ഈ തുക കൊടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലേയ്ക്ക് സാങ്ഷൻഡ് സ്ട്രെങ്ത്തിൽ ഒഴിവുണ്ടെങ്കിൽ വിവരമറിയിച്ചാൽ ഇന്നുതന്നെ തീരുമാനമെടുക്കുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പകർച്ചപ്പനി നേരിടുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനും ഗവൺമെന്റ് തയ്യാറാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. സ്റ്റാഫിന്റെ കുറവും മറ്റ് പ്രശ്നങ്ങളും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) പ്രവാസികളുടെ പുനരധിവാസം സംബന്ധിച്ച്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഗൾഫ് രാഷ്ട്രങ്ങളിൽ പുതിയ തൊഴിൽ നിയമം കർശനമാക്കിയതുമൂലം അവിടെ ജോലി ചെയ്യുന്ന 25 ലക്ഷത്തോളം പ്രവാസി മലയാളികൾ പ്രയാസം അനുഭവിക്കുകയാണ്. കുവൈറ്റിൽ സ്വദേശീവൽക്കരണത്തിന്റെ ഭാഗമായി തൊഴിൽ മേഖലയിൽ പുതിയ നടപടികൾ ആരംഭിച്ചിരിക്കുന്നു. നാട്ടിലേയ്ക്ക് മടങ്ങുന്നവർക്ക് വിമാന സൗകര്യവും ഹെൽപ്പ് ഡെസ്ക് സൗകര്യവും ഇവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തൊഴിൽ കണ്ടെത്താനുള്ള പദ്ധതികളും സർക്കാർ ആവിഷ്കരിക്കണം. മക്കളുടെ വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവ് ചെയ്യുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനും അവസരം നൽകണം. എൻ.ആർ.ഐ. ക്വാട്ടയിൽ അനുവദിച്ച പ്രൊഫഷണൽ കോഴ്സുകളുടെ ഫീസ് സാധാരണ ഫീസാക്കി ഇളവ് ചെയ്യണം. ജോലി വൈദഗ്ദ്ധ്യമുള്ളവർക്ക് മോഡുലാർ എംപ്ലോയ്മെന്റ് സ്കീം നടപ്പാക്കി അംഗീകൃത സർട്ടിഫിക്കറ്റ് നൽകാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം. സൗദി അറേബ്യയിൽ ഇടപെട്ടതുപോലെ കുവൈറ്റിലും ഒരു ഉന്നതതല ഇടപെടൽ നടത്തി സ്വതന്ത്രമായി ജോലി ചെയ്യാനുള്ള വിസയിലേയ്ക്ക് മാറാനുള്ള അവസരം സൃഷ്ടിക്കണം. മടങ്ങിവരുന്നവരുടെ പുനരധിവാസത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അതിനനുസൃതമായി വയബിൾ പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സൗകര്യവും അവിടെ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾക്ക്

കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി സർട്ടിഫിക്കറ്റുകൾ നൽകാനുള്ള നടപടികളും സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): വിദേശ മലയാളികളുടെ വ്യക്തമായ കണക്ക് നോർക്കയുടെ സർവ്വേ പൂർത്തിയാകുമ്പോൾ ലഭിക്കുന്നതാണ്. സ്വദേശീവൽക്കരണം ആരംഭിച്ച ഘട്ടത്തിൽതന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയും കേന്ദ്ര മന്ത്രിമാരുമായി ബന്ധപ്പെട്ട് സൗദി ഗവൺമെന്റുമായി ചർച്ച നടത്തുകയും സൗദി ഗവൺമെന്റ് അനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. ഗൾഫ് മലയാളി സംഘടനകളുമായും ഗവൺമെന്റ് ചർച്ച നടത്തുകയുണ്ടായി. പ്രശ്ന പരിഹാരത്തിനായി ഇന്ത്യൻ എമ്പസി നടപടികൾ സ്വീകരിക്കുന്നുണ്ട്. സാമൂഹ്യ പ്രവർത്തകരുടെ പൂർണ്ണമായ സഹകരണവും ലഭിക്കുന്നുണ്ട്. ഗൾഫിൽ നിന്നും മടങ്ങിവരുന്നവരുടെ പുനരധിവാസത്തിനുവേണ്ടി പ്രവാസികാര്യ വകുപ്പുമന്ത്രി ചെയർമാനായി ധനകാര്യം, തൊഴിൽ, നഗരകാര്യം, റവന്യൂ എന്നീ വകുപ്പുമന്ത്രിമാർ അംഗങ്ങളായും ചീഫ് സെക്രട്ടറി കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് ചർച്ച നടത്തിയശേഷം ഇൻകെൽ-ന്റെ മാനേജിംഗ് ഡയറക്ടർ ചെയർമാനായി പത്തംഗങ്ങളുള്ള ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. വിദേശത്തുനിന്നും മടങ്ങി വരുന്നവരുടെ വിവരങ്ങൾ ശേഖരിക്കുവാൻ മൂന്ന് വിമാനത്താവളങ്ങളിലും നോർക്ക ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചു. ഈ കാലയളവിൽ ഏകദേശം 5615 പേർ മടങ്ങിയെത്തിയതായി അറിയാൻ സാധിച്ചിട്ടുണ്ട്. നിയമവിധേയമല്ലാതെ സൗദിയിൽ കഴിയുന്നവരിൽ ഇതുവരെ രജിസ്റ്റർ ചെയ്ത

മലയാളികളുടെ എണ്ണം 6000-ൽ താഴെയാണ്. ന്യായമായ ചാർജ്ജ് കൊടുത്ത് മടങ്ങാനുള്ള സൗകര്യമുണ്ടാക്കാൻ ഇന്ത്യാ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്ന കാര്യം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. മടങ്ങിവരുന്നവർക്ക് ഉണ്ടായിരുന്ന സാങ്കേതികമായ അറിവും ജോലി വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്തി കേരളത്തിൽ ജോലി സൗകര്യം ലഭ്യമാക്കാൻ എല്ലാ വകുപ്പുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ബാങ്കുകളുമായും ചർച്ച നടത്തി വേണ്ട സഹായം ചെയ്യുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്ത്യാ ഗവൺമെന്റ് മുന്നോട്ടുവച്ച ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള സമീപനമാണ് സൗദി അറേബ്യൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കുവൈറ്റിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരുമായി ചർച്ച നടത്തുക യുണ്ടായി. തിരിച്ചുള്ള അവരുടെ യാത്രയ്ക്ക് എമ്പസി തന്നെ മുൻകൈ എടുത്ത് ടിക്കറ്റ് എടുക്കുന്നുണ്ട്. അവിടെനിന്ന് കയറ്റി അയയ്ക്കുന്നവർ ഇന്ത്യയിൽ വന്നിറങ്ങിയാൽ താമസസൗകര്യം ഡൽഹിയിൽ കേരളഹൗസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെനിന്ന് കേരളത്തിലേയ്ക്ക് വരുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നുണ്ട്.

## (2) ദേശീയപാത 17-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. വി.എസ്. സുനിൽ കുമാർ: തൃശ്ശൂർ, എറണാകുളം, മലപ്പുറം ജില്ലകൾ ഉൾപ്പെടുന്ന കുറ്റിപ്പുറം-ഇടപ്പള്ളി ദേശീയ പാത 45 മീറ്ററായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തെ സംബന്ധിച്ചുള്ള പാക്കേജോ വിശദ വിവരങ്ങളോ ലഭിച്ചിട്ടില്ല. പ്രഖ്യാപിച്ചിരുന്നതിൽനിന്നും കടകവിരുദ്ധമായ പ്രവർത്തനമാണ്

ഹൈവേ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. അതോറിറ്റിയുടെ ഏകപക്ഷീയമായ സർവ്വേ നടപടികൾമൂലം നൂറ്റാണ്ടുകൾ പഴക്കമുള്ള ആരാധനാലയങ്ങൾ പോലും നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. എലിവേറ്റഡ് ഹൈവേ എന്ന ആവശ്യം പ്രാവർത്തികമാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി തയ്യാറാകുന്നില്ല. നാഷണൽ ഹൈവേ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ സർക്കാർ നൽകിയ ഉറപ്പ് പാലിക്കണം. ത്രീഡി നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് ഭൂമി നഷ്ടപ്പെടുന്നവർക്കുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും ഇതിനായി സർവ്വകക്ഷിയോഗം വിളിക്കുകയും ചെയ്യണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാംഹിം കുഞ്ഞ്): വാഹനപ്പെരുപ്പം കണക്കിലെടുത്ത് ദേശീയ പാത 17-ന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്കായി ഒരു പുനരധിവാസ പാക്കേജ് സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 3 എ വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും ജനങ്ങളുടെ എതിർപ്പുമൂലം ത്രീഡി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള പോളിസിയുടെ പരിധിയിൽ നിന്നുകൊണ്ട് സ്ഥലമെടുപ്പുമൂലമുള്ള ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിനും ഉയർന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അഞ്ച് റോഡുകൾ രണ്ടുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. എൻ.എച്ച്. 47, എൻ.എച്ച്. 17 എന്നീ റോഡുകളുടെ കാര്യത്തിൽ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പിടുകയും കേന്ദ്ര സർക്കാരുമായി കരാറിൽ

ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഭൂമി നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തുന്നതും വ്യക്തതയുണ്ടാക്കുന്നതുമാണ്. സർവ്വേ നടപടികൾ വൈകിയാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസമുണ്ടാകുകയും ത്രീഡി നോട്ടിഫിക്കേഷൻ ക്യാൻസലാകുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകുമെന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് കോൺഫറൻസ് വിളിക്കാൻ സർക്കാർ തയ്യാറാണ്. അലൈൻമെന്റിന്റെ കാര്യത്തിൽ ന്യായമായ പരിഹാരമുണ്ടാക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സബ്മിഷൻ

### (1) ലാസ്റ്റ് ഗ്രേഡ് ലിസ്റ്റിൽനിന്നുള്ള നിയമനം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ജില്ലയിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകാത്തതുമൂലം ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും കാലതാമസം ഒഴിവാക്കി നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മലപ്പുറം ജില്ലയിൽ 2012 ജൂണിൽ നിലവിൽ വന്ന വിവിധ വകുപ്പുകളുടെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്-ന്റെ റാങ്ക് ലിസ്റ്റിൽ നിന്നും 88 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയെങ്കിലും പി.എസ്.സി. നടത്തിയ തുടർപരിശോധനയിൽ റൊട്ടേഷനിൽ പിശക് കണ്ടെത്തിയതിനെത്തുടർന്ന് അത് പുന:ക്രമീകരിച്ച്

നിയമന ശുപാർശ നൽകുന്നതാണ്. ലഭ്യമായ ഒഴിവുകളും 2014 വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനങ്ങൾ ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## (2) മാലിന്യ പ്രശ്നം

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടിയിലെ കാടുകുറ്റി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിറ്റാജലാറ്റിൻ കമ്പനിയിലെ മാലിന്യങ്ങൾ ചാലക്കുടി പുഴയിലേയ്ക്ക് ഒഴുക്കി വിടുന്നതുമൂലം ഉളവായിട്ടുള്ള ആശങ്ക ദൂരീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ചാലക്കുടി പുഴയിലേയ്ക്ക് ഒഴുക്കിവിടുന്ന നിറ്റാജലാറ്റിൻ കമ്പനിയിലെ മലിനീകരണത്തെപ്പറ്റി പരാതി വന്നതിനെത്തുടർന്ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം മലിനീകരണം ഒഴിവാക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ട്. കമ്പനിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടാവുകയാണെങ്കിൽ അത് സർക്കാരിനെ അറിയിക്കാനായി ഒരു മേൽനോട്ട സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പുഴയിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ വേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## (3) രാത്രികാല പോസ്റ്റ്മോർട്ടം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: രാത്രികാലങ്ങളിൽ പോസ്റ്റുമോർട്ടം പരിശോധന നടത്തുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സംസ്ഥാനത്ത് രാത്രികാലങ്ങളിൽ പോസ്റ്റുമോർട്ടം പരിശോധന നടത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ഇടുക്കി, എറണാകുളം റൂറൽ എന്നിവിടങ്ങളൊഴികെ മറ്റ് ജില്ലകളിൽ ഇത് നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. രാത്രികാലങ്ങളിൽ പകൽ സമയത്തെ സമാനമായ പ്രകാശ ക്രമീകരണങ്ങളും മറ്റ് അനുബന്ധ സൗക ര്യങ്ങളും ഏർപ്പെടുത്തിയാൽ മാത്രമേ സർക്കാർ ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കാനാകൂ എന്ന സംസ്ഥാന ഫോറൻസിക് വിഭാഗം ഡോക്ടർമാരുടെ അഭിപ്രായം കണക്കിലെടുത്ത് ആരോഗ്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

### (4) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം സാമൂഹ്യ വിരുദ്ധ പ്രവർത്തനം നടത്തുന്നവരെ തടഞ്ഞുനിറുത്തുന്നതിനുള്ള ഒരു സംവിധാനമാണ്. എന്നാൽ ഈ നിയമം ഇപ്പോൾ പൊതുപ്രവർത്തകന്മാർക്കെതിരായി ഉപയോഗിക്കുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് വന്നുചേർന്നിട്ടുള്ളത്. രാഷ്ട്രീയപ്രവർത്തകന്മാർക്കെതിരെ, പൊതുപ്രവർത്തകന്മാർക്കെതിരെ ഈ നിയമം ഉപയോഗിക്കുന്ന സ്ഥിതി വന്നാൽ ഈ നിയമം നിലനിൽക്കുകയില്ലെന്ന് നിയമം പാസ്സാക്കുന്ന വേളയിൽ സഭ വിലയിരുത്തിയതാണ്. കണ്ണൂരിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ശ്രീ. ഒ. കെ. ബിനീഷ് എന്നയാൾ ഡി.വൈ.എഫ്.ഐ.-യുടെ ജില്ലാ സെക്രട്ടേറിയറ്റിന്റെ അംഗം കൂടിയാണ്.

അയാൾക്കെതിരെ  ചാർജ്ജ് ചെയ്ത കേസ്സെന്ന് പറയുന്നത് വിലക്കയറ്റത്തിനെതിരായും പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിനെതിരായും നടത്തിയ പ്രതിഷേധ സമരങ്ങളാണ്.  പോലീസ് സുവോ മോട്ടോ എടുത്ത കേസ്സുകളാണിതെല്ലാം.  ഒരു വർഷക്കാലയളവിലേയ്ക്ക് ആ സ്ഥലത്തുനിന്ന് മാറി നിൽക്കണം എന്ന ഈ നിയമത്തിലെ വകുപ്പുപയോഗിച്ചുകൊണ്ട് രാഷ്ട്രീയ പ്രവർത്തകന്മാരെ ഒരു ജില്ലയിൽ നിന്നും മാറ്റി നിർത്താൻ  ഈ നിയമം ഇപ്പോൾ ദുരുപയോഗപ്പെടുത്തുകയാണ്. വിദ്യാർത്ഥികൾക്കെതിരായി 307 പ്രകാരം കേസ്സെടുക്കുകയാണ്.  എസ്.എഫ്.ഐ.-യുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായ ശ്രീ. ഷാജിറിനെ റൗഡിയായി പ്രഖ്യാപിച്ചുകൊണ്ട് നാടുകടത്താൻ നോട്ടീസ് കൊടുത്തിരിക്കുകയാണ്. ശ്രീമതി കെ.കെ. ലതിക എം.എൽ.എ.-യുടെ മകൻ  ശ്രീ. ജൂലിയസ് നികിതാസ് കോഴിക്കോട് എൻ.ഐ.ടി.യിൽ നിന്ന് ബി.ടെക് സിവിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയിട്ടുള്ളതാണ്. അയാളുടെ പേരിൽ ഇപ്പോൾ നിരവധി കേസ്സുകളുണ്ടെന്ന് പറഞ്ഞുകൊണ്ട് നാടുകടത്തിയിരിക്കുകയാണ്. ഈ നിയമം ദുരുപയോഗപ്പെടുത്തുന്നതിനെതിരെ കഴിഞ്ഞ ഒരാഴ്ചയായി എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും നേതൃത്വത്തിൽ കണ്ണൂർ ഐ.ജി. ഓഫീസിനുമുമ്പിൽ അനിശ്ചിത കാല രാപ്പകൽ സമരം നടക്കുകയാണ്.  ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ പ്രശ്നങ്ങളിൽ അടിയന്തിരമായി ഇടപെട്ട് ഇന്ന് തന്നെ ഒരു പരിഹാരം കാണണമെന്ന് ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): ഗവൺമെന്റിന് മന:പൂർവ്വം ആരെയും

വേട്ടയാടണമെന്നില്ല. ഗവൺമെന്റ് ആ കാര്യത്തിൽ വളരെ കർക്കശമായ സമീപനമാണ് എടുക്കുന്നത്. 15(1) വകുപ്പനുസരിച്ച് ഇങ്ങനെയൊരു കേസെടുത്തുകഴിഞ്ഞാൽ കേസെടുക്കുന്ന ഉദ്യോഗസ്ഥന് പെറ്റീഷൻ കൊടുക്കാം. 15(2) വകുപ്പനുസരിച്ച് ബോർഡിന് അപ്പീൽ കൊടുക്കാനും 15(3) വകുപ്പനുസരിച്ച് ഗവൺമെന്റിന് അപ്പീൽ നൽകാനുമുള്ള അധികാരമുണ്ട്. നേരത്തെ നിയമസഭ പാസാക്കിയ നിയമത്തിൽ ഈ പ്രൊട്ടക്ഷൻ വച്ചിട്ടുള്ളത് ഇതിന്റെ ദുരുപയോഗം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ്. 15(1), 15(2), 15(3) വകുപ്പുകളനുസരിച്ചുള്ള ഗവൺമെന്റിന്റെ പവേഴ്സിൽ ഉൾക്കൊള്ളത്തക്കവിധത്തിൽ റിട്ടണായ അപേക്ഷ ഈ വ്യക്തികളിൽനിന്ന് ലഭിച്ചാൽ ഗവൺമെന്റ് അത് പോസിറ്റീവായിത്തന്നെ പരിഗണിക്കും. കണ്ണൂരിലെ സമരം അവസാനിപ്പിച്ച് ശാന്തമായ അന്തരീക്ഷത്തിൽ മുന്നോട്ടുപോകണം. ജൂലിയസ് നികിതാസിന്റെ കേസിൽ ബോർഡ് അപ്പീൽ കേട്ടതിനുശേഷം ഉത്തരവിനായി വച്ചിരിക്കുകയാണ്.

**(5) പ്ലസ് ടു കോഴ്സ് അനുവദിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. ബാബു എം. പാലിശ്ശേരി: കുന്നംകുളം നിയോജകമണ്ഡലത്തിലെ പഴഞ്ഞി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഈ അദ്ധ്യയന വർഷംതന്നെ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതുതായി ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കുന്ന സമയത്ത് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**(6) സൗജന്യമായി ജാതി തെളിയിക്കൽ സർട്ടിഫിക്കറ്റ്**

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: പട്ടികജാതി കുടുംബങ്ങൾക്ക് ജാതി തെളിയിക്കൽ സർട്ടിഫിക്കറ്റ് അക്ഷയ കേന്ദ്രങ്ങളിൽനിന്നും സൗജന്യമായി ലഭിക്കാനും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനും പഴയതുപോലെ താലൂക്ക് ഓഫീസുകളിൽനിന്നും നേരിട്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): ഓൺലൈനായി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും തുകകൾ സ്വീകരിക്കുന്നതിനും മറ്റും നിയമസാധുത നൽകാനായി 2010-ലെ കേരള വിവര സാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടങ്ങളിലെ 4-ാം വകുപ്പുപ്രകാരം ഈ സേവനങ്ങൾക്ക് സേവനദാതാവിന് സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സർട്ടിഫിക്കറ്റുകൾ സൗജന്യമായി ലഭിക്കുന്നതിന് 2010-ലെ കേരള വിവരസാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. വില്ലേജ് ഓഫീസുകളിൽ നേരിട്ട് അപേക്ഷ നൽകുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇപ്പോഴും സൗജന്യമായിത്തന്നെയാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. ജാതി സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തി അപേക്ഷകന്റെ അവകാശവാദം ശരിയാണെന്ന് തെളിയിക്കുന്നപക്ഷം 7 ദിവസത്തിനുള്ളിൽ ജാതി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണ്. അക്ഷയ കേന്ദ്രങ്ങളിൽനിന്ന് പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വില്ലേജ്

ഓഫീസുകൾ വഴി അപേക്ഷകർക്ക് നേരിട്ട് സർട്ടിഫിക്കറ്റുകൾ നൽകുന്ന രീതി ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

### (7) നായാടി സമുദായ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര മണ്ഡലത്തിലെ മൈലം പഞ്ചായത്തിലുള്ള നായാടി സമുദായത്തിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നൽകി അവരെ എസ്.സി. വിഭാഗത്തിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): കിർത്താഡ്സിന്റെ നരവംശ ശാസ്ത്രപരമായ പഠന റിപ്പോർട്ടിൽ പട്ടികജാതി–നായാടി വിഭാഗം കോടാങ്കി നായ്ക്കൻ വിഭാഗത്തിൽപ്പെടുന്നവരാണെന്നും ആയതിനാൽ അവരുടെ നായാടി അവകാശവാദം വ്യാജമാണെന്നും വർഷങ്ങൾക്കുമുമ്പ് ആന്ധ്രാ പ്രദേശിൽനിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരാണ് ഇപ്പോൾ മൈലം പ്രദേശത്ത് അധിവസിക്കുന്നതെന്നും അവർക്ക് സംസ്ഥാനത്തെ യഥാർത്ഥ പട്ടികജാതി–നായാടി വിഭാഗവുമായി യാതൊരു ബന്ധവുമി ല്ലെന്നുമാണ് വെളിപ്പെടുത്തിയിരിക്കുന്നത്. ഈ വിഭാഗത്തിന് അവരുടെ അവകാശവാദം വിശദീകരിക്കുവാൻ സർക്കാർ അവസരം നൽകിയതിൽ തങ്ങളുടെ അവകാശവാദത്തിന്മേൽ ആവശ്യമായ വസ്തുതകളും രേഖകളും സമർപ്പിച്ച് സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ഒ.ബി.സി. വിഭാഗത്തി ലാണ് ഇവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനെക്കുറിച്ച് സർക്കാർ വീണ്ടും പരിശോധിക്കുന്നതാണ്.

### (8) പുഴക്കൽപ്പടി പാലം

ശ്രീ. എം. ഹംസ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം-കരിമ്പുഴ പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്ന പുഴക്കൽപ്പടി പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): തുപ്പനാട് പുഴയ്ക്കുകുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുഴക്കൽപ്പടി പാലത്തിന് ഭരണാനുമതിയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഡിസൈനും തയ്യാറാക്കി വരുന്നു. പാലത്തിന്റെ നിർമ്മാണത്തിന് ഏകദേശം 12 കോടി രൂപ ചെലവുവരുമെന്ന് കണക്കാക്കുന്നു. ഡിസൈൻ ലഭ്യമാക്കി എത്രയുംവേഗം പാലം പണി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### (9) റെഗുലേറ്ററും ചെക്ക് ഡാമുകളും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.പി. മുഹമ്മദ്: ഭാരതപ്പുഴയിലെ ഓങ്ങല്ലൂർ ചങ്ങണാംകുന്നിൽ റഗുലേറ്ററും കുന്തിപ്പുഴയിലെ തിരുവേഗപ്പുറ, വിളയൂരിലെ പാറക്കടവ്, നാട്യമംഗലം, തോണിക്കടവ് എന്നിവിടങ്ങളിൽ ചെക്ക് ഡാമുകളും നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ഭാരതപ്പുഴയിൽ ഓങ്ങല്ലൂർ ചങ്ങണാംകുന്ന് തടയണയുടെ നിർമ്മാണത്തിന് 32.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുഴിക്കല്ലൂർ പഞ്ചായത്തിലെ നാട്യമംഗലത്ത് തോണിക്കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് 415 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും വിളയൂർ പഞ്ചായത്തിലെ പാറക്കടവ് ചെക്ക് ഡാം

നിർമ്മിക്കുന്നതിന് 1300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കി നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭാരതപ്പുഴയിലും അതിന്റെ കൈവഴികളിലും തടയണകൾ നിർമ്മിച്ച് കിണറുകളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

## (10) പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ

ശ്രീ. സി. മോയിൻകുട്ടി: തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി പി.എച്ച്.സി. യിൽ നിലവിലുണ്ടായിരുന്ന കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കോടഞ്ചേരി പി.എച്ച്.സി. 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഇവിടെ ജീവനക്കാരുടെ ഒഴിവുകളില്ല. അവിടെ കിടത്തി ചികിത്സ അനുവദിക്കേണ്ട മാനദണ്ഡങ്ങൾ ഇല്ലെങ്കിലും വളരെയധികം പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന കോളനികൾ ഉൾപ്പെടുന്ന പ്രദേശമായതുകൊണ്ട് മറ്റുമാനദണ്ഡങ്ങൾ നോക്കാതെ പ്രത്യേക പരിഗണന നൽകി കിടത്തി ചികിത്സാ സൗകര്യം ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

## (11) ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സാ വിഭാഗം

ശ്രീ. വി.റ്റി. ബൽറാം: തൃത്താല നിയോജകമണ്ഡലത്തിലെ കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിൽ കിടത്തി

ചികിത്സാ സൗകര്യവും ചാലിശ്ശേരി സി.എച്ച്.സി. യിൽ ഡയാലിസിസ് യൂണിറ്റും ആംബുലൻസ് സൗകര്യവും തൃത്താല നിയോജകമണ്ഡലത്തിലെ അലോപ്പതി ആയുർവ്വേദ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിലെ കപ്പൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കൊഴിക്കര ഗവ.ആയൂർവ്വേദ ഡിസ്പെൻസറിക്ക് മറ്റ് ഭൗതിക സൗകര്യങ്ങൾ നിലവിലുള്ളതുകൊണ്ട് ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ചാലിശ്ശേരി സി.എച്ച്.സി. യിൽ പുതുതായി ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ തീരുമാനമെടുക്കുകയും ആവശ്യമായ തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ

കാര്യവിവരപട്ടികയിലെ 3(1)(2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## നിയമനിർമ്മാണകാര്യം

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

**ക്രമപ്രശ്നം**

**ബിൽ ഭരണഘടനാ വിരുദ്ധം**

ശ്രീ. എ.കെ. ബാലൻ: 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിൽ 35-ാം വകുപ്പിന്റെ ഭേദഗതിയിലൂടെ ദേവസ്വം ബോർഡിന് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടുകൂടി മാത്രമേ ചട്ടം ഉണ്ടാക്കാൻ പാടുള്ളൂ എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നത് ഭരണ ഘടനാ വിരുദ്ധമാണ്. ചട്ടം ഉണ്ടാക്കാനുള്ള അധികാരം 1949-ലെ കവനന്റിന്റെ ഭാഗമായി ഭരണഘടനയിൽ നിക്ഷിപ്തമാണ്. ബില്ലിലെ 35-ാം വകുപ്പ് കവനന്റിന്റെ ഭാഗമാണ്. കവനന്റിന്റെ ഭാഗമെന്നാൽ അത് ഭരണഘടന യുടെ ഭാഗമാണ്. 1949-ലെ കവനന്റ് പ്രകാരം ദേവസ്വം ബോർഡിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം കവനന്റ് പ്രകാരം രൂപീകൃതമാകുന്ന ബോർഡിന് മാത്രമാണ്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാമെന്നുള്ളത് കവനന്റിന്റെ 8-ാം ഖണ്ഡത്തിന് വിരുദ്ധമാണെന്നും കവനന്റ് ഭരണഘടനയുടെ ഭാഗമായതിനാൽ രാഷ്ട്രപതിയുടെ മുൻകൂർ

അനുമതിയോടുകൂടി മാത്രമേ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിലെ ഈ ഭേദഗതി കൊണ്ടുവരാവൂ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കവനന്റിനു വിരുദ്ധമല്ലായെന്നാണ് സർക്കാർ നിലപാട്. 1949-ലെ കവനന്റിൽ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ചട്ടങ്ങൾ ഉണ്ടാക്കുന്ന വ്യവസ്ഥകൾ ഒന്നും പറഞ്ഞിട്ടില്ല. ബില്ലിന്റെ 8-ാം ഖണ്ഡികയിൽ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ചട്ടങ്ങൾ ഉണ്ടാക്കാമെന്നാണ് പറയുന്നത്. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം ഭേദഗതി ബില്ലിലൂടെ ബോർഡിൽ തന്നെ നിക്ഷിപ്തമാണെന്നുള്ളതുകൊണ്ട് കവനന്റിന് വിരുദ്ധമല്ല.

**റൂളിംഗ്**

മി. സ്പീക്കർ: 1949-ലെ കവനന്റിന്റെ എട്ടാം ഖണ്ഡികയിൽ ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരം നൽകിയിട്ടില്ല. "Subject to the provision of this Article the constitution, powers and duties of the Board aforesaid shall be such as may be determined hereinafter by Law enacted by competent authoriy." ഇവിടെ അതോറിറ്റി സർക്കാരാണ്. അപ്രകാരം അധികാരം കവനന്റ്വഴി നൽകിയിട്ടുണ്ട് എന്ന് ശ്രീ. എ. കെ. ബാലൻ പരാമർശിച്ചത് വസ്തുതാപരമല്ല. കവനന്റിലെ അനുച്ഛേദം 8(എച്ച്) പ്രകാരം സംസ്ഥാന നിയമസഭ പാസ്സാക്കിയ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്ടിലെ 35-ാം വകുപ്പ് അനുസരിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം ദേവസ്വം ബോർഡിനാണ്. ഇപ്പോൾ

കൊണ്ടുവന്നിട്ടുള്ള ഭേദഗതി പ്രകാരവും ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം ബോർഡിൽ തന്നെ നിക്ഷിപ്തമാണ്. ഇതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങണമെന്ന നിബന്ധനകൂടി ഉൾക്കൊള്ളിക്കുകയാണ് ഉണ്ടായിട്ടുള്ളത്. സഭ പാസ്സാക്കിയ ഒരു നിയമത്തിന് ഭേദഗതി കൊണ്ടുവരാനുള്ള അധികാരം സഭയ്ക്കു തന്നെയുണ്ട്. ഈ ബില്ലിന് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമുള്ളതായി ചെയർ കരുതുന്നില്ല, അഥവാ വേണമെങ്കിൽതന്നെ ഈ ബിൽ പാസ്സാക്കിയശേഷം രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ച് ന്യൂനത പരിഹരിക്കുവാൻ ഭരണഘടനയുടെ അനുച്ഛേദം 255 പ്രകാരം വ്യവസ്ഥയുള്ളതിനാൽ ശ്രീ. എ. കെ. ബാലൻ ഉന്നയിച്ച തടസ്സവാദത്തിന് നിലനിൽപില്ല.

ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

<u>ശ്രീ. വി.എസ്. ശിവകുമാർ</u>: 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദു മത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. വി.എസ്. ശിവകുമാർ</u>: തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. 1950-ൽ വന്ന നിയമത്തിന് 2007-വരെ കാര്യമായ ഭേദഗതികൾ വരുത്തിയിട്ടില്ല. 2007-ൽ കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് മൂന്ന് അംഗങ്ങളിൽ ഒരാൾ വനിതയും

ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുമാണ്. ഇവരെ രണ്ടുപേരേയും മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യുകയും മൂന്നാമത്തെ അംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കുകയും വേണമെന്നാണ് വ്യവസ്ഥ. എന്നാൽ മൂലനിയമത്തിൽ മൂന്ന് അംഗങ്ങളിൽ സ്ത്രീയെന്നോ പുരുഷനെന്നോ/പട്ടികജാതി/പട്ടികവർഗ്ഗമെന്നോ പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല. 2007–ലെ ഭേദഗതി നിയമത്തിലാണ് വേർതിരിവ് കൊണ്ടുവന്നത്. ബോർഡിന്റെ കാലാവധി 4 വർഷത്തിൽ നിന്നും 2 വർഷമായി കുറയ്ക്കുകയും ക്ഷേത്ര ജീവനക്കാരൊഴികെ എല്ലാ നിയമനങ്ങളും പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള വ്യവസ്ഥ ആക്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു. ബോർഡിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കാനുള്ള വ്യവസ്ഥയും 2007–ലെ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരുന്നു. 1950–ലെ നിയമത്തിൽ മൂന്ന് അംഗങ്ങളെ നിയമിക്കണമെന്നും 3 അംഗങ്ങളെ നിയമിച്ച സമയത്ത് വനിതാ പ്രതിനിധികളെ വയ്ക്കുകയും പ്രസിഡന്റുമാരാക്കുകയും ചെയ്തിട്ടുണ്ട്. ആ സാഹചര്യം പരിഗണിച്ചാണ് ഇത്തരത്തിൽ ഒരു സമീപനത്തിലേക്ക് കൊണ്ടുവന്നത്. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേക്ക് വനിതാ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുന്നതിനും ബോർഡിലെ 3 അംഗങ്ങളിൽ പൊതുവിഭാഗത്തിൽപ്പെട്ട രണ്ട് പേരെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നാമനിർദ്ദേശം ചെയ്യുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കുന്നതിനും ബോർഡിൽ 3 മെമ്പർമാർ മാത്രമുള്ളതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുമായി ബന്ധപ്പെട്ട വ്യവസ്ഥ ഒഴിവാക്കുന്നതിനും

ബോർഡിലെ പുരുഷ അംഗങ്ങളുടെ പ്രായം 45 വയസ്സും സ്ത്രീ അംഗങ്ങളുടേത് 60 വയസ്സുമാക്കുന്നതിനും ബോർഡിന്റെ കാലാവധി മൂന്ന് വർഷമാക്കി ഉയർത്തുന്നതിനും ചട്ടങ്ങൾ ഉണ്ടാക്കാനുള്ള ബോർഡിന്റെ അധികാരത്തിൽ 'സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി മാത്രം' എന്ന് കൂട്ടിച്ചേർക്കുന്നതിനും ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള വകുപ്പ് റദ്ദ് ചെയ്യുന്നതിനും വേണ്ടിയാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. പി.റ്റി.എ. റഹീം:</u> I move that- "This House resolves to disapprove The Travancore-Cochin Hindu Religious Institutions (Amendment) Ordinance, 2013 (Ordinance No. 34 of 2013). തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേയ്ക്ക് വനിതാ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുന്ന ഭേദഗതി പിൻവലിക്കണം. ബോർഡിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിൽ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി ബില്ലിലൂടെ ദേവസ്വം ബോർഡുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളെ ഒഴിവാക്കുകയും ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. യിൽ നിന്നും എടുത്തുമാറ്റുകയും ചെയ്തിരിക്കുകയാണ്. നിയമത്തിന്റെ കാതലായ ഒരു വശം സവർണ്ണർക്ക് മാത്രമേ ക്ഷേത്രകാര്യങ്ങളിൽ ഇടപെടാനും ഉദ്യോഗങ്ങൾ സ്വീകരിക്കാനും പാടുള്ളു എന്ന അവസ്ഥ വരുന്നുവെന്നുള്ളതാണ്. ഹിന്ദുക്കളിലുള്ള അധഃസ്ഥിതരെയും സ്ത്രീകളെയും മാറ്റിനിർത്താനും സംവരണതത്വം അട്ടിമറിക്കാനുമുള്ള സംവിധാനമാണ് കൊണ്ടുവരുന്നത്.

ശ്രീ. എ. കെ. ബാലൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഹിന്ദുമത വിശ്വാസങ്ങളെയും ആചാരങ്ങളെയും വെല്ലുവിളിക്കുന്ന ഭേദഗതി ഉൾപ്പെടുന്ന ബിൽ ഭരണഘടനാ വിരുദ്ധമാണ്. നിയമനം പി.എസ്.സി. യിൽ നിന്ന് മാറ്റുന്നതോടെ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കുള്ള ഉദ്യോഗ സംവരണം അട്ടിമറിക്കപ്പെടും. ഗവൺമെന്റിന് നോമിനേറ്റ് ചെയ്യാൻ പറ്റുന്ന രണ്ടാളുകളിൽ ഒന്ന് പട്ടികജാതി/പട്ടികവർഗ്ഗത്തിലുള്ളവർ അല്ലെങ്കിൽ വനിത എന്ന് നിർവ്വചിച്ചിരുന്നെങ്കിൽ സാമൂഹ്യനീതി ഉറപ്പുവരുത്താമായിരുന്നു. പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ സംവരണതത്വവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുമെന്നതിനാൽ പി.എസ്.സി. യെത്തന്നെ ദേവസ്വം ബോർഡിന്റെ റിക്രൂട്ടിംഗ് ഏജന്റായി നിലനിർത്തണം. പ്രധാന ആക്ടിലെ 35–ാം വകുപ്പിൽ 1–ാം ഉപവകുപ്പ് ഭേദഗതി ചെയ്ത് ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം ഗവൺമെന്റ് ഏറ്റെടുത്തു കഴിഞ്ഞാൽ ദേവസ്വം ബോർഡിന്റെ ദൈനംദിന നട പടിയിലും ആചാരങ്ങളിലും ഗവൺമെന്റ് ഇടപെടുന്ന അവസ്ഥയുണ്ടാകും. ദേവസ്വം ബോർഡ് നേരത്തെ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കെല്ലാം ഗവൺമെന്റിന്റെ പ്രയർ അപ്രൂവൽ വേണമെന്ന ദൂരവ്യാപക പ്രത്യാഘാതങ്ങ ളുണ്ടാക്കുന്ന നിബന്ധന ഒഴിവാക്കണം.

ശ്രീ. കെ. മുരളീധരൻ: 2013–ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31–7–2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തിരുവിതാംകൂർ–കൊച്ചി–മലബാർ ദേവസ്വം ബോർഡുകളെ സംയോജിപ്പിച്ച് ഏകീകൃത ദേവസ്വം ബോർഡാക്കുന്നത് സംബന്ധിച്ച് ആലോചിക്കണം. ദേവസ്വം ബോർഡിലെ നിയമനങ്ങൾ ഒരു സ്പെഷ്യൽ റിക്രൂട്ടിംഗ് ബോർഡ്

മുഖേന നടത്തണം. ദേവസ്വം ബോർഡിന്റെ കാലാവധി മൂന്ന് വർഷം എന്നുള്ളത് അഞ്ച് വർഷമാക്കി വർദ്ധിപ്പിക്കുകയും സ്ത്രീ പ്രാതിനിധ്യം ഏർപ്പെടുത്തുകയും വേണം.

ശ്രീ. ബാബു എം. പാലിശ്ശേരി: 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തിരുവിതാംകൂർ ദേവസ്വം ക്ഷേത്രങ്ങളിലെ ജീവനക്കാരെയും വസ്തുവകകളേയും നിയന്ത്രിക്കുന്നതിനുള്ള സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്ന നടപടി പുന:പരിശോധിക്കണം. സ്വകാര്യ വ്യക്തികൾ കയ്യടക്കിയിരിക്കുന്ന മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്ഷേത്രങ്ങളിലെ വരുമാനം മുഴുവൻ സർക്കാർ കൊണ്ടുപോകുന്നുവെന്ന ആക്ഷേപവാദത്തിന് സർക്കാർ മറുപടി നൽകണം. ശബരിമലയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. കൂടുതൽ വരുമാനമുള്ള ക്ഷേത്രങ്ങളിലെ വരുമാനം അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. ചെറിയ ക്ഷേത്രങ്ങളിലെ പൂജാരിമാർക്കുള്ള ശമ്പളവും ഗ്രേഡും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഉത്സവങ്ങളോടനുബന്ധിച്ച് ആരാധനാലയങ്ങളിൽ അണിനിരത്തുന്ന ആനകളുടെ എണ്ണത്തിന് പരിധി നിശ്ചയിക്കുകയും എഴുന്നള്ളത്തിന് സമയക്രമീകരണം വരുത്തുകയും വേണം. ക്ഷേത്രങ്ങളിൽനിന്ന് വിതരണം ചെയ്യുന്ന പ്രസാദത്തിന്റെ ഗുണനിലവാര പരിശോധന കർശനമാക്കുകയും ആവശ്യമായ ഇടപെടൽ നടത്തുകയും

വേണം. സർക്കാരിന്റെ സ്ഥാപിത താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സ്ത്രീ വിരുദ്ധമായതും ഭരണ ഘടനാവിരുദ്ധവുമായ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): അടിസ്ഥാനരഹിതമായ വാദഗതികളാണ് നിരാകരണ പ്രമേയത്തിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സ്ത്രീകൾക്ക് പങ്കാളിത്തമുള്ള ബില്ലാണിത്. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് രൂപീകരിച്ചിരിക്കുന്ന റിക്രൂട്ട്മെന്റ് ബോർഡുകളിൽ ഹിന്ദുമത വിശ്വാസികൾക്ക് സംവരണം ലഭിക്കില്ലെന്ന് പറയുന്നത് വസ്തുതാ വിരുദ്ധമാണ്. ക്ഷേത്രങ്ങളുടെ നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്. ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്തുന്ന കാര്യത്തിലും ശമ്പള വർദ്ധനവിന്റെ കാര്യത്തിലും ദേവസ്വം ബോർഡുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ശബരിമലയിലെ വിശ്വാസികളുടെ വികാരങ്ങളെയും ഹിന്ദുമത സ്ഥാപന ങ്ങളെയും സംരക്ഷിക്കുന്നതിനുവേണ്ടി സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നി രിക്കുന്ന ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം 46-നെതിരെ 50 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമമനുസരിച്ച് പ്രവർത്തിക്കുന്നതും 2008-ൽ രൂപീകൃതവുമായ മലബാർ ദേവസ്വം ബോർഡ് 2008-ൽ നിലവിൽ വന്ന ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ സർക്കാർ

വന്നശേഷം കൊണ്ടുവന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2012-ൽ പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമായാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: I move that— "This House resolves to disapprove The Madras Hindu Religious and Charitable Endowments (Amendment) Ordinance, 2013 (Ordinance No. 35 of 2013)". കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ട് തുച്ഛവരുമാനക്കാരായ ക്ഷേത്രജീവനക്കാർക്ക് മാന്യമായ ശമ്പളവ്യവസ്ഥയും സേവനവ്യവസ്ഥയും ലഭ്യമാക്കിക്കൊടുക്കുകയുണ്ടായി. എന്നാൽ ഈ ബിൽ മലബാർ ദേവസ്വം ബോർഡിന്റെ ഗുണകരമായ മുന്നോട്ടുപോക്കിനും ജനാധിപത്യപരമായ പ്രവർത്തനങ്ങൾക്കും തടസ്സം സൃഷ്ടിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബോർഡ് അംഗങ്ങൾ ആരൊക്കെയായിരിക്കണമെന്നതിനെപ്പറ്റി വ്യക്തമായി പരാമർശിക്കാതെ നിക്ഷിപ്ത താൽപ്പര്യക്കാരുടെ ഒരു ലാവണമാക്കിമാറ്റാൻ വേണ്ടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. അഴിമതിക്കും സ്വജനപക്ഷപാതത്തിനും ഇടവരാത്ത നിലയിൽ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാനുള്ള മുൻ സർക്കാരിന്റെ തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട് നിയമനങ്ങൾ ഒരു ബോർഡിനെ ഏൽപ്പിക്കുന്ന സമീപനമാണ് ഈ ബില്ലിലൂടെ സ്വീകരിച്ചിരിക്കുന്നത്. ക്ഷേത്രവുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങളിൽ പിന്നോക്ക ഹരിജൻ-ദളിത് സമുദായ വിഭാഗക്കാർക്ക് യാതൊരു പ്രാതിനിധ്യവും ഉള്ളതായി പരാമർശിച്ചുകാണുന്നില്ല. സംവരണവും സാമൂഹ്യനീതിയും പൂർണ്ണമായും അട്ടമറിക്കപ്പെടുകയാണ്.

താൽക്കാലിക നിയമനങ്ങളിൽ നടക്കുന്ന അഴിമതി സ്ഥിരം നിയമനങ്ങളിലേയ്ക്ക് മാറുന്ന അവസ്ഥ സംജാതമാകുമെന്നതിനാൽ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാനുള്ള തീരുമാനം എടുത്തുകളയുന്ന ഭേദഗതി ഒഴിവാക്കണം. ബോർഡിലെ വനിതാപ്രാതിനിധ്യം രണ്ടിൽനിന്നും ഒന്നാക്കി മാറ്റി ബില്ലിൽ വരുത്തിയിരിക്കുന്ന ഭേദഗതിയോട് യോജിക്കാൻ കഴിയുകയില്ല.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ:</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റിലെ നിയമനങ്ങൾ പി.എസ്.സി. വഴിയായിരിക്കണമെന്ന ഭരണഘടനാനിർദ്ദേശത്തെ വേണ്ടെന്നുവയ്ക്കുന്ന സമീപനമാണ് ഈ ബില്ലിലൂടെ സ്വീകരിച്ചിട്ടുള്ളത്. അഴിമതിക്കും സ്വജന പക്ഷപാതത്തിനും വഴിയൊരുക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിലൂടെ ബോർഡിലെ അംഗങ്ങളുടെ കാലാവധി രണ്ടുവർഷമായി കുറയ്ക്കുകയും എട്ടാം വകുപ്പു കൂട്ടിച്ചേർക്കുകയും ചെയ്യുന്നത് അംഗീകരിക്കുവാൻ കഴിയില്ല. ബോർഡ് അംഗങ്ങളെ സംബന്ധിച്ച് ബില്ലിൽ വ്യക്തമായി യാതൊരു പരാമർശവും കാണുന്നില്ല. വനിതാ അംഗങ്ങളുടെ പ്രാതിനിധ്യം കുറച്ച സമീപനം ശരിയല്ല. സാമുദായിക നേതാക്കളുടെ കയ്യിൽ ദേവസ്വത്തിന്റെ നിയന്ത്രണം കൊണ്ടെത്തിക്കുകയെന്നുള്ളതാണ് ഇതുകൊണ്ടുണ്ടാകാൻ പോകുന്നത്. ബില്ലിന്റെ 7–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതുകൊണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളെ ഒഴിവാക്കുകയും പകരം ബോർഡ്തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതല വഹിക്കുകയും ചെയ്യുന്ന നടപടിയാണ് സ്വീകരിക്കുന്നത്. ഏരിയ കമ്മിറ്റികൾ തകർത്തിരിക്കുന്നതിന്റെ ഫലമായി ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും മറ്റു പ്രവർത്തനങ്ങളും വേണ്ടവിധത്തിൽ നടക്കുന്നില്ല. മലബാർ ദേവസ്വത്തിന്റെ

കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലെയും ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ബാധകമാക്കണം. നിക്ഷിപ്ത താൽപ്പര്യക്കാരുടെ കയ്യിൽ ക്ഷേത്രങ്ങളുടെ ഭരണം എത്തിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനുള്ള യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ക്ഷേത്രങ്ങളുടെ ഭൂമി കൈവശം വച്ചിരിക്കുന്നവരെ സംരക്ഷിക്കുന്ന സമീപനത്തിൽ മാറ്റമുണ്ടാകണം. 2010 –11, 2011–12 സാമ്പത്തിക വർഷങ്ങളിൽ ക്ഷേത്ര പുനരുദ്ധാരണത്തിന് യാതൊരുവിധത്തിലുമുള്ള സാമ്പത്തിക സഹായവും നൽകിയിട്ടില്ല.

<u>ശ്രീ. പാലോട് രവി</u>: 2013–ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31–7–2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശം തകർക്കുന്നതാണ് 7 (എൽ) വകുപ്പ്. മലബാർ ദേവസ്വത്തിന്റെ പരിധിയിൽ വരുന്ന 1353 ക്ഷേത്രങ്ങളിൽ ബോർഡ് നിശ്ചയിച്ചിരിക്കുന്ന 'എ' ഗ്രേഡിൽ വരുന്ന ക്ഷേത്രങ്ങൾ 27 എണ്ണം മാത്രമാണ്. കാടാമ്പുഴ, പറശ്ശിനിക്കടവ്, തിരുമാന്താംകുന്ന്, മമ്മിയൂർ, പെരളശ്ശേരി ഉൾപ്പെടെ മലബാറിലെ വിവിധ ക്ഷേത്രങ്ങൾ ഇന്ന് അവഗണിക്കപ്പെട്ട നിലയിലാണ്. ക്ഷേത്രങ്ങളും ക്ഷേത്ര ങ്ങളോടനുബന്ധിച്ചുള്ള ഭൂമിയും സംരക്ഷിക്കപ്പെടണം. ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും കുന്നുകളും നെൽപ്പാടങ്ങളും അന്യാധീനപ്പെട്ടതിനെതിരെ നടപടിയുണ്ടാകണം. പരമ്പരാഗതമായി നാടിനേയും സംസ്ക്കാരത്തേയും നിലനിർത്തിപ്പോകുന്ന ക്ഷേത്രങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിൽ അന്യാധീനപ്പെട്ടുപോയ ക്ഷേത്ര ഭൂമി

വീണ്ടെടുക്കാൻ പുതിയ നിയമം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 2008-ൽ നിയമം നിർമ്മിച്ചെങ്കിലും ചട്ടങ്ങൾ രൂപീകരിക്കാത്തതുകൊണ്ട് ആ നിയമം പാലിക്കപ്പെട്ടിട്ടില്ല. മലബാർദേവസ്വത്തിന് സ്വന്തമായി ആസ്ഥാനമുണ്ടാകണം. ക്ഷേത്രങ്ങൾക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുകയും മലബാർ ദേവസ്വം ബോർഡ് ജീവന ക്കാർക്ക് ട്രഷറി വഴി ശമ്പളം നൽകുകയും ഏകീകൃത ദേവസ്വം ബോർഡ് നിയമം ഉണ്ടാക്കുകയും വേണം. ക്ഷേത്രങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുകയും കേരളത്തിലെ ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സംയുക്ത പ്രവർത്തന പരിപാടിക്ക് രൂപം നൽകുകയും ചെയ്യണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേവസ്വം ബോർഡ് അംഗങ്ങളിൽ ഹിന്ദുമതത്തിലെ ദാർശനികൻ, സാമൂഹ്യ പരിഷ്കർത്താവ്, ക്ഷേത്രം ഉപദേശക സമിതികളിലെ ഒരു അംഗം, ഹിന്ദു ഭക്തി ഗാനങ്ങളിൽ നിപുണയായ ഒരു വനിത എന്നിവർ ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ ബില്ലിൽ ഒഴിവാക്കിയിരിക്കുകയാണ്. ഏരിയാ കമ്മിറ്റിയിൽ സർക്കാർ നിയമിക്കുന്ന ഏഴംഗങ്ങളുടെ യോഗ്യത, തെരഞ്ഞെടുക്കുന്ന രീതി എന്നിവ സംബന്ധിച്ചും വ്യവസ്ഥ ചെയ്തിട്ടില്ല. നിയമസഭാ സാമാജികർ തെരഞ്ഞെടുക്കുന്ന ബോർഡ് അംഗങ്ങളുടെ എണ്ണം രണ്ടാക്കി ചുരുക്കുകയും ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും എടുത്തുമാറ്റുകയും ചെയ്തു. ക്ഷേത്രങ്ങൾ കേവലം ആരാധനാലയങ്ങൾ

മാത്രമല്ല കലാ സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയാണ്. ക്ഷേത്ര കലാ അക്കാദമിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുത്തെങ്കിലും ഫണ്ട് അനുവദിക്കാത്തതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മലബാറിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി അനുവദിച്ച ഫണ്ട് ചെലവാക്കാതെ ലാപ്സാകുകയാണ്. ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ മലബാർ ദേവസ്വം ബോർഡ് ആക്ട് പ്രകാരം വ്യവസ്ഥയുണ്ട്. ജീവനക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികളും തുച്ഛവരുമാനക്കാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ തീരുമാനവും നടപ്പായില്ല. ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനീയർ, കോലധാരികൾ, പൂജാരിമാർ എന്നിവരെ സംരക്ഷിക്കാനും അവർക്ക് ജീവിത സുരക്ഷിതത്വം ഉറപ്പാക്കാനുമുള്ള നിർദ്ദേശങ്ങളൊന്നും ഭേദഗതിയിൽ കൊണ്ടുവന്നിട്ടില്ല. ദേവസ്വം ബോർഡിന്റെ കീഴിലുണ്ടായിരുന്ന ക്ഷേത്രങ്ങൾ ട്രസ്റ്റിമാർക്ക് തിരിച്ചുകൊടുത്ത നടപടി ജാതീയ ശക്തികളുടെ ഇടപെടലുമൂലമാണെന്ന് സംശയിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ദേവസ്വം ബോർഡ് ഏരിയാ കമ്മിറ്റികൾ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്. മലബാർ ദേവസ്വത്തിന്റെ പുനരുദ്ധാരണത്തിന് അനുവദിച്ച എട്ടു കോടി രൂപ ഈ മാസം തന്നെ വിതരണം ചെയ്യും. ദേവസ്വം ബോർഡിന്റെ കീഴിൽ വരുമാനം കൂടുതലുള്ള അഞ്ചു ക്ഷേത്രങ്ങളിൽ സർക്കാർ നിരക്കിൽ ശമ്പളം നൽകാൻ ധാരണയായിട്ടുണ്ട്. മറ്റ് ക്ഷേത്രങ്ങളിലും മലബാർ ദേവസ്വം ബോർഡ് ശമ്പള പരിഷ്ക്കരണം നടപ്പാക്കിയിട്ടുണ്ട്. വിവിധ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമിയുടെ

വിശദ വിവരങ്ങൾ ശേഖരിക്കുവാൻ ദേവസ്വം ബോർഡിൽ ഒരു സെക്ഷനെ ചുമതലപ്പെടുത്തുകയും ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് കയ്യേറ്റ ഭൂമി വീണ്ടെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കയ്യേറ്റങ്ങൾ സംബന്ധിച്ച് കോടതിയുടെ മുന്നിലുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനും ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ഒഴിവുകളിലേയ്ക്ക് അർഹരായ ക്ഷേത്ര ജീവനക്കാരെ പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളത്തിനും പുനരുദ്ധാരണത്തിനും വേണ്ടി 22 കോടി രൂപയും കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനായി 5 കോടി രൂപയും ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. ക്ഷേത്രകലാ അക്കാഡമിക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയിട്ടുണ്ട്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.

------